**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 245** **10-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്പിത്തരോഗ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ മഞ്ഞപ്പിത്തരോഗം വ്യാപകമാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (എ) | മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ മഞ്ഞപ്പിത്തരോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ രോഗപ്രതിരോധപ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ മഞ്ഞപ്പിത്തരോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (സി) | മലപ്പുറം ജില്ലയിലെ ചാലിയാർ, പോത്തുകല്ല് പ്രദേശങ്ങളിൽ പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | മലപ്പുറം ജില്ലയിലെ ചാലിയാർ, പോത്തുകല്ല് പ്രദേശങ്ങളിൽ പ്രതിരോധ, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജില്ലയിലെ ആരോഗ്യ പ്രവർത്തകർ ജനകീയ ആരോഗ്യ സമിതി, ആശ വർക്കർമാർ എന്നിവർക്ക് രോഗ ലക്ഷണമുള്ളവരെ കണ്ടെത്തുവാനുള്ള പരിശീലനം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി ചേർന്ന് നൽകി.<br><br>രോഗമോ, രോഗലക്ഷണമോ ഉള്ളവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ (വിശ്രമം, ഐസൊലേഷൻ) സംബന്ധിച്ച് ദൃശ്യ-ശ്രവ്യ-അച്ചടി-സാമൂഹിക മാധ്യമങ്ങൾ വഴി ബോധവത്ക്കരണ സന്ദേശങ്ങൾ നൽകി വരുന്നു.<br><br>പാകം ചെയ്യാത്ത ഭക്ഷണങ്ങൾ, പാനീയങ്ങൾ എന്നിവയുടെ വില്പനക്ക് പ്രസ്തുത പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിയന്ത്രണം ഏർപ്പെടുത്തി.<br><br>കുടിവെള്ളത്തിനായി തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കാനായുള്ള നിർദ്ദേശം നൽകി.<br><br>വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റികൾ വിളിച്ച് ചേർക്കുകയും, ഓരോ വാർഡിലേക്കും ആരോഗ്യ പ്രശ്നങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള രൂപരേഖ തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>ഡി.എം.ഒ, ഡി.എസ്.ഒ., ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 1, ജില്ലാ മാസ് മീഡിയ ഓഫീസർ എന്നിവർ സ്ഥലം സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്ത് തല യോഗത്തിൽ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>സാനിറ്ററി കക്കൂസുകൾ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും, പൊതുജനാരോഗ്യത്തിന് ശല്യമാകാത്ത രീതിയിൽ ഖരമാലിന്യം നിർമാർജ്ജനം ചെയ്യുന്നതിനെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. |
| (ഡി) | മഞ്ഞപ്പിത്തരോഗം വ്യാപകമാകുന്ന പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പ വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടു വരികയും അതാത് സ്ഥലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി ജലശുദ്ധീകരണ ശാലകളിൽ കൃത്യമായ മോണിറ്ററിംങ് നടത്തി വരികയും ചെയ്യുന്നു. വിതരണം ചെയ്യുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനക്ക് അയച്ച് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>സാനിറ്ററി കക്കൂസുകൾ ഉപയോഗിക്കുന്നതിന്റെ പ്രാധാന്യത്തെകുറിച്ചും, ഖരമാലിന്യം നിർമാർജ്ജനം പൊതുജനാരോഗ്യത്തിന് ശല്യമാകാത്ത രീതിയിൽ ചെയ്യുന്നതിനെക്കുറിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ജലവിതരണ ശൃംഖലയിൽ ഉണ്ടാകുന്ന തകരാറുകൾ നിമിത്തം കുടിവെള്ളം മലിനപ്പെടുന്ന സാഹചര്യമുണ്ടായാൽ അടിയന്തിര നടപടികൾ ജലസേചന/ തദ്ദേശ സ്വയംഭരണ വകുപ്പുകൾ മുഖാന്തിരം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മലപ്പുറം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ രോഗപ്രതിരോധപ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ

**മലപ്പുറം**

- രോഗം റിപ്പോർട്ട് ചെയ്ത എല്ലാ പ്രദേശങ്ങളിലും തദ്ദേശ സ്വയംഭരണ വകുപ്പ്, ജലസേചന വകുപ്പ്, ഉൾപ്പടെയുള്ള ഇതര വകുപ്പുകളുമായി ചേർന്ന് sectoral meeting നടത്തുകയും Safe Drinking Water ലഭ്യമാക്കുന്നതിനും, മാലിന്യ സംസ്കരണം എന്നിവ കൃത്യമായി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി.
- ജില്ലയിലെ ആരോഗ്യ പ്രവത്തകർ, ജനകീയ ആരോഗ്യ സമിതി, ആശ വർക്കർമാർ എന്നിവർക്ക് രോഗ ലക്ഷണമുള്ളവരെ കണ്ടെത്തുവാനുള്ള പരിശീലനം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി ചേർന്ന് നൽകി.
- രോഗമോ, രോഗലക്ഷണമുള്ളവരോ സ്വീകരിക്കേണ്ട മുൻകരുതലുകൾ (വിശ്രമം, ഐസൊലേഷൻ) സംബന്ധിച്ച് ദൃശ്യ-ശ്രവ്യ-അച്ചടി-സാമൂഹിക മാധ്യമങ്ങൾ വഴി ബോധവത്ക്കരണ സന്ദേശങ്ങൾ നൽകി വരുന്നു.
- പാകം ചെയ്യാത്ത ഭക്ഷണങ്ങൾ, പാനീയങ്ങൾ എന്നിവയുടെ വിൽപ്പനയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തി.
- കുടിവെള്ളത്തിനായി തിളപ്പിച്ചാറ്റിയ വെള്ളം മാത്രം ഉപയോഗിക്കാനായുള്ള നിർദ്ദേശം നൽകി.
- ജലസ്രോതസ്സുകൾ പരിശോധിച്ച് കക്കൂസ് മാലിന്യം കലരുന്നില്ല എന്ന് ഉറപ്പ് വരുത്തിവരുന്നു.
- പ്രദേശത്തെ ജലസ്രോതസ്സുകൾ സൂപ്പർക്ലോറിനേറ്റ് ചെയ്യുകയും ഔട്ട് ബ്രേക്ക് ഉള്ള സമയത്ത് എല്ലാ നാലാമത്തെ ദിവസവും സൂപ്പർക്ലോറിനേഷൻ ചെയ്തു വരുന്നു.
- ഭക്ഷണം വിതരണം ചെയ്യുന്ന കടകളിലെ ശുചിത്വം, വെള്ളത്തിന്റെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തി വരുന്നു.

**എറണാകുളം:**

- രോഗബാധിത പ്രദേശങ്ങളിൽ ഫീൽഡ് തല പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗം റിപ്പോർട്ട് ചെയ്ത അന്നേ ദിവസം തന്നെ, ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ഓൺലൈനായി മീറ്റിംങ് സംഘടിപ്പിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- രോഗബാധിത പ്രദേശങ്ങളിൽ കുടിവെള്ള സ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ ശക്തിപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ ശുദ്ധമാണെന്ന് ഉറപ്പ് വരുത്തി.
- സൂപ്പർക്ലോറിനേഷൻ നടത്തിയ കിണറുകളിലും വാട്ടർ ടാങ്കുകളിലുമുള്ള വെള്ളം ശേഖരിച്ച് വാട്ടർ ക്വാളിറ്റി ടെസ്റ്റ് നടത്തി.
- സൂപ്പർക്ലോറിനേഷൻ ചെയ്യുന്ന രീതിയിൽ വരുന്ന അശാസ്ത്രീയത ഔട്ട് ബ്രേക്കിന് കാരണമായതായി കണ്ടെത്തിയതിനാൽ കൃത്യമായും ശാസ്ത്രീയമായും സൂപ്പർക്ലോറിനേഷൻ ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റി ജീവനക്കാർക്കും പരിശീലനം നൽകി.
- രോഗബാധിതരുടെ വീടുകൾ സന്ദർശിച്ച് ബോധവത്കരണം നല്കി. പഞ്ചായത്ത് തലത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു.
- ജലവിതരണ ശൃംഖലയിൽ ഉണ്ടാകുന്ന തകരാറുകൾ നിമിത്തം കുടിവെള്ളം മലിനപ്പെടുന്ന സാഹചര്യത്തിൽ, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**തൃശ്ശൂർ :**

- കിണറുകൾ സൂപ്പർക്ലോറിനേഷൻ ഒന്നിടവിട്ട ദിവസങ്ങളിൽ ചെയ്തുവരുന്നു.
- ബോധവത്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.
- പ്രദേശത്ത് ആരോഗ്യ പ്രവർത്തകർ മുഖേനയും ലബോറട്ടറികൾ മുഖേനയും രോഗനിരീക്ഷണവും, ശക്തിപ്പെടുത്തി. സംശയിക്കപ്പെടുന്ന കേസുകളുടെ
- സ്ഥിരീകരണത്തിന് serum sample collect ചെയ്ത് MCH Thrissur-ലേക്കു അയക്കുന്നതിനു കീഴ് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി
- എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും Infection Control protocol കൃത്യമായി പാലിക്കുന്നതിന് നിർദ്ദേശം നൽകി.
- സമൂഹത്തെ ബോധവത്കരിക്കുന്നതിനായി ദൃശ്യ-ശ്രവ്യ-അച്ചടി-സാമൂഹിക മാധ്യമങ്ങൾ വഴി ബോധവത്ക്കരണ സന്ദേശങ്ങൾ നൽകി വരുന്നു.

**<u>കോഴിക്കോട്:</u>**

- ജില്ലയിൽ മഞ്ഞപിത്തം ബാധിച്ച ഹോട്ട് സ്പോട്ടുകൾ തയ്യാറാക്കി ഇവ കേന്ദ്രീകരിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ജലജന്യരോഗങ്ങളുടെ നിയന്ത്രണത്തിനായി 'ശ്രദ്ധം കുടിനീർ' എന്നപേരിൽ 15.02.2024 മുതൽ 15.03.2024 വരെ പ്രത്യേക ക്യാമ്പയിൻ നടത്തി. ഇത് ജില്ലയിൽ തുടർന്നുവരുന്നു.
- ഇതിന്റെ ഭാഗമായി ജില്ലയിലെ പരമാവധി കുടിവെള്ള സ്രോതസ്സുകളും (പൊതുകിണർ ഉൾപ്പെടെ) കൃത്യമായി സൂപ്പർക്ലോറിനേറ്റ് ചെയ്യാനുള്ള ലക്ഷ്യമിട്ടു പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ഫീൽഡ് തല ആരോഗ്യപ്രവർത്തകരുടെ (ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ) സോണൽ തല മീറ്റിംഗ് നടത്തുകയും സെൻസിറ്റൈസേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഫീൽഡ് ലെവൽ സ്റ്റാഫുകൾക്ക് ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട ക്ലാസ്സ് നൽകിയിട്ടുണ്ട്.
- ജില്ലാ തലത്തിൽ നിന്നുള്ള സർവെയിലൻസ് ടീം ഔട്ട് ബ്രേക്ക്, ഹോട്ട്സ്പോട്ട് ഏരിയകളിൽ സന്ദർശനം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്
- 08.05.2024 ന് കോർപ്പറേഷൻ മേയറുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ഹെപ്പറ്റൈറ്റിസ് എ പ്രതിരോധപ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ഭാവിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.
- 06.05.2024 ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അവലോകനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- വീട്ടിലുള്ള ഒരു ഹെപ്പറ്റൈറ്റിസ് എ രോഗിയിൽ നിന്നും മറ്റൊരാളിലേക്ക് പകരാതിരിക്കുവാൻ രോഗികളെ ഐസൊലേറ്റ് ചെയ്യാനും അവർ ഉപയോഗിക്കുന്ന പാത്രങ്ങളും വസ്ത്രങ്ങളും വേർതിരിച്ചു കഴുകാനും നിർദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ